നം. സി.ഇ.ഇ/345/2010/റ്റി.എ.2

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

# 2010-ലെ പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്കുള്ള സ്പെഷ്യൽ അലോട്ട്മെന്റ്

**2010-ലെ പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്ക് 07.12.2010 (ചൊവ്വാഴ്ച) രാവിലെ 10.30 ന്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ (ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം)** വച്ച് ഒരു സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നത് സംബന്ധിച്ച വിജ്ഞാപനം 29.11.2010ൽ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് തിരുവനന്തപുരം ലോ കോളേജിലുണ്ടായ ഒഴിവ് കൂടി ഉൾപ്പെടുത്തി ഇപ്പോഴുള്ള ഒഴിവുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| **ലോ കോളേജ്** | **ഒഴിവുകൾ** |
|---|---|
| തിരുവനന്തപുരം | 1 (മുസ്ലിം) |
| തൃശൂർ | 1 (മറ്റ് പിന്നോക്ക ഹിന്ദു) |
| കോഴിക്കോട് | 2 (എസ്.സി - 2) |

മേൽ പറഞ്ഞ സംവരണ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ ഈ സീറ്റുകളിൽ മറ്റ് അർഹരായ വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.

2010-ലെ പഞ്ചവത്സര എൽ.എൽ.ബി. പ്രവേശന പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിലുള്ളവരും, ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരുമായ വിദ്യാർത്ഥികൾക്ക് ഈ സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാം. പ്രസ്തുത വിദ്യാർത്ഥികൾ അവരവരുടെ അഡ്മിറ്റ് കാർഡ്, വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം (ക്ലോസ് 16, പ്രോസ്പെക്ടസ് ശ്രദ്ധിക്കുക), 07.12.2010 രാവിലെ 10 മണിക്ക് തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഹാജരാകേണ്ട താണ്. പഞ്ചവത്സര എൽ.എൽ.ബി. കേന്ദ്രീകൃത സീറ്റ് അലോട്ടുമെന്റിൽ മുമ്പ് നൽകിയിട്ടുള്ള ഓപ്ഷനുകൾ ഈ അലോട്ടുമെന്റിൽ പരിഗണിക്കുന്നതല്ല. ഈ അലോട്ടുമെന്റിൽ പങ്കെടുക്കുന്നതിന് വ്യക്തിപരമായ മെമ്മോകൾ അയയ്ക്കുന്നതല്ല. 07.12.2010 - ൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **10.12.2010** നോ അതിനു മുമ്പോ **കോളേജിൽ** ഹാജരായി പ്രവേശനം നേടിയിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക് **www.cee-kerala.org** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം

02 .12. 2010

**പ്രവേശന പരീക്ഷാ കമ്മീഷണർ (I/c)**